LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്. സാധാരണ വിഭവ സമാഹരണ മാർഗ്ഗങ്ങൾ കൂടാതെ അനുവദീനയമായ പരിധിയിൽനിന്നുകൊണ്ട് വായ്പകൾ എടുത്തും വികസനേതര ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായുള്ള ധനസമാഹരണം നടത്തുന്നതാണ്. ഇതിനുപുറമെ നൂതന സാമ്പത്തിക ഉപകരണങ്ങളായ Alternative Investment Fund, InVIT എന്നിവ മുഖേനയും General Obligation Bond-കൾ ഉപയോഗപ്പെടുത്തിയും വികസനത്തിനാവശ്യമായ പണം കണ്ടെത്തും. അടിസ്ഥാന സൗകര്യ വളർച്ചയ്ക്ക് ഊർജ്ജസ്വലമായ പിന്തുണ നൽകാൻ പ്രാപ്തമായ സംവിധാനമായി KIIFB-നെ ഉയർത്തുന്നതിന് ബന്ധപ്പെട്ട ആക്ടിൽ ഉചിതമായ ഭേദഗതികൾ വരുത്തും. കൂടാതെ വിപണിയിൽനിന്നും പണം കണ്ടെത്തുന്നതിനായി സർക്കാർ ഏജൻസികളായ കേരള റോഡ് ഫണ്ട് ബോർഡ്, KSIDC, കിൻഫ്ര എന്നിവയുടെ സഹായവും ഉപയോഗപ്പെടുത്തും.

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ആസ്തിവികസന പദ്ധതികൾ

114(2103) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽനിന്നും ഏതൊക്കെ പ്രവൃത്തികളാണ് നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) നിർദ്ദേശിച്ച പദ്ധതികളിൽ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായത് ടെണ്ടർ ചെയ്തവ എന്നിവ തരം തിരിച്ച് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ഭരണവകുപ്പിന്റെ വ്യക്തമായ ശുപാർശയോടെ ധനകാര്യവകുപ്പിൽ ലഭിച്ചതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.